വഴിവെളിച്ചം

# അവഗണിക്കപ്പെടുന്ന അയൽവാസികൾ

عَن أَبِى هُرِيرة رضيَ‌اللهُ‌عنه أَنّ النّبي ﷺ قَال : وَالله لاَ يُؤمن ، وَالله لاَ يُؤمن وَالله لاَ يُؤمن!
قِيلَ : من يَا رَسول الله ؟ قَال : الّذى لا يَأمن جَاره بَوائقه. (متفق عليه)

**അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം: നബി(സ)പറഞ്ഞു: 'അല്ലാഹുവാണ, ഒരാൾ സത്യവിശ്വാസിയാവുകയില്ല, സത്യവിശ്വാസിയാവുകയില്ല, സത്യവിശ്വാസിയാവുകയില്ല! ഒരാൾ ചോദിച്ചു: അല്ലാഹുവിന്റെ ദൂതരേ, ആരാണ് വിശ്വാസിയല്ലാത്തവൻ? നബി(സ) പറഞ്ഞു: തന്റെ ശല്യങ്ങളിൽനിന്ന് അയൽവാസിക്ക് സ്വസ്ഥത നൽകാത്തവൻ' (ബുഖാരീ,മുസ്‌ലിം).**

**അയൽവാസികളോടുള്ള** കടമകളും കടപ്പാടുകളും സത്യവിശ്വാസത്തിന്റെ ഭാഗമാണ്. അവരുമായുള്ള അകൽച ഈമാനിൽനിന്ന് തന്നെയുള്ള അകൽചയാണ്. അയൽപക്കബന്ധങ്ങൾ ഹൃദ്യമായ ഒരു സമൂഹത്തിനേ ആന്തരികമായ കെട്ടുറപ്പുണ്ടാകൂ. ആ ജീവിതത്തിലേ നന്മയുടെ വസന്തങ്ങൾ പൂക്കുകയുള്ളൂ.

അയൽപക്കബന്ധം ശിഥിലമായതിന്റെ തിക്തഫലങ്ങൾ വേണ്ടുവോളം അനുഭവിച്ചുകൊണ്ടിരിക്കുന്ന സമൂഹമാണ് നമ്മുടേത്. അയൽക്കാരന്റെ മരണ വിവരമറിയുന്നത് ശവത്തിന്റെ ദുർഗന്ധം വമിക്കുമ്പോഴാണ്. ഈ നാണക്കേട് മാറ്റാൻ അയൽപക്കബന്ധം വളർത്താനുള്ള കാമ്പയിൻ സംഘടിപ്പിക്കേണ്ട ഗതികേടിലാണ് സമൂഹം!

ഇവിടെയാണ് ഇസ്‌ലാമികാധ്യാപനങ്ങളുടെ പ്രസക്തി. 'അയൽവാസി പട്ടിണി കിടക്കുമ്പോൾ വയറുനിറച്ചുണ്ണുന്നവൻ നമ്മിൽപെട്ടവനല്ല' എന്ന തിരുവചനം പ്രസംഗിച്ചു നടക്കുന്ന എത്രപേർക്ക് അക്കാര്യത്തിൽ മാതൃകകളാവാൻ കഴിഞ്ഞിട്ടുണ്ട്? സുഭിക്ഷമായുണ്ണുമ്പോൾപോലും അയൽവീട്ടിൽ പട്ടിണിയും പരിവട്ടവുമായി കഴിയുന്ന പാവങ്ങളെക്കുറിച്ച് ഓർമവരാറില്ല. ഉള്ളവന്റെ വീട്ടിൽ പുകയുയരുമ്പോൾ ഇല്ലാത്തവന്റെ വീട്ടിലുയരുന്നത് പകയാണെന്ന് തിരിച്ചറിയാൻ കഴിയണം.

പഴയതലമുറ കാത്തുസൂക്ഷിച്ചിരുന്ന ഊഷ്മളമായ അയൽപക്കബന്ധങ്ങൾ ഇന്ന് കാണുന്നില്ല. മാത്രമല്ല, അയൽവാസികൾ അധികപ്പറ്റാണ് പലർക്കും.

മുമ്പ് പത്തുവീട്ടുകാർക്ക് ഒരു കിണർ മതിയായിരുന്നു. കുടിക്കാനും കുളിക്കാനും മാത്രമല്ല, സുഖദുഃഖങ്ങൾ പങ്കിടാനും അങ്ങനെ അവർക്കു കഴിഞ്ഞിരുന്നു. അന്ന് ഉപ്പിനും ഉരിയരിക്കും ഓടിച്ചെല്ലുന്നത് അയൽ വീട്ടിലേക്കായിരുന്നു. ഇന്നതൊക്കെ മാറി. അയൽപക്ക സന്ദർശനങ്ങൾ, പരസ്പര സ്നേഹാന്വേഷണങ്ങൾ എല്ലാം കുറഞ്ഞു. ഒഴിവു സമയംപോലും നമുക്ക് 'ബിസി'യാണ്. മരണ വിവരമറിഞ്ഞാൽ ഒരോട്ടപ്രദക്ഷിണം മാത്രം. നഷ്ടമാകുന്ന ഈ ഗ്രാമീണ നന്മകളെക്കുറിച്ച് ആർക്കും വേവലാതികളില്ല. പകരം, അയൽക്കാരന്റെ 'ശല്യ'ങ്ങളിൽനിന്ന് രക്ഷനേടാൻ വലിയ വലിയ കോൺക്രീറ്റ് മതിലുകൾ തീർത്ത് കാവൽപട്ടികളെ വെക്കുന്നു.

മിത്രമാവേണ്ട അയൽവാസി ഒരു നാൾ ശത്രുവായി നമുക്കെതിരെ തിരിഞ്ഞാൽ നാം ആരെയാണ് കുറ്റപ്പെടുത്തുക? അയൽക്കാരന്റെ അവകാശങ്ങൾ വകവെച്ചുകൊടുക്കുന്നതിനുപകരം കണ്ണീരും കൈയുമായി കഴിയുന്നവരുടെ മുമ്പിൽ പൊങ്ങച്ചത്തിന്റെയും ധൂർത്തിന്റെയും കഥകളാണ് നമുക്കു സമർപ്പിക്കാനുള്ളതെങ്കിൽ അതിന്റെ തിക്തഫലം ഇരുലോകത്തും അനുഭവിക്കേണ്ടി വരും.

അയൽപക്കബന്ധങ്ങളിൽ ഒരുതരം ജാഹിലിയ്യാസംസ്കാരമാണ് അനുവർത്തിച്ചുവരുന്നത്. ഒരാദർശ സമൂഹമെന്ന നിലയിൽ ഇസ്‌ലാമിന്റെ മഹനീയ മാതൃകകൾ അയൽവാസികൾക്ക് പകർന്നുകൊടുക്കാൻ നമുക്കു കഴിയുന്നുണ്ടോ?

'അയൽവാസികളോടുള്ള ബാധ്യതകളെക്കുറിച്ച് ജിബ്‌രീൽ ഉണർത്തുന്നത് കേട്ട്, അവർ അനന്തരാവകാശത്തിന് പോലും അർഹരാകുമോയെന്ന് ഞാൻ വിചാരിച്ചുപോയി' എന്ന് പ്രവാചകൻ ഒരിക്കൽ പറഞ്ഞിട്ടുണ്ട്.

അയൽക്കാരുടെ അവകാശങ്ങൾ വകവെച്ചുകൊടുക്കുകയും അവരുടെ സന്തോഷ സന്താപങ്ങളിൽ പങ്കുചേരുകയും ചെയ്യൽ ഉത്തരവാദിത്വ ബോധമുള്ള ഓരോ വിശ്വാസിയുടെയും കടമയാണ്. അവിടെ ജാതിയുടെയോ മതത്തിന്റെയോ അതിരടയാളം പ്രവാചകൻ(സ) വരച്ചുവെച്ചിട്ടില്ല. എന്നല്ല, അവിടുന്ന് ജീവിച്ചു വളർന്നതും പ്രബോധന പ്രവർത്തനങ്ങൾ നടത്തിയതും ബഹുദൈവവിശ്വാസികൾക്കിടയിലായിരുന്നല്ലോ!

പക്ഷേ, സ്വന്തം വീടിനുമുമ്പിലൂടെ അയൽക്കാരൻ നടക്കുന്നതുപോലും സഹിക്കാൻ കഴിയാത്തവർക്കെങ്ങനെ ഇസ്‌ലാമിന്റെ മഹത്ത്വം ഉൽഘോഷിക്കാൻ കഴിയും?

**അബൂബക്കർ തലപ്പെരുമണ്ണ**